# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.170 04/11/2019-ൽ മറുപടിക്ക്

### സ്വകാര്യ മേഖലയിലെ ക്ലിനിക്കൽ ലബോറട്ടറികളുടെ ഗുണനിലവാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ടി.വി.ഇബ്രാഹിം<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | വിവിധ രോഗനിർണ്ണയങ്ങൾക്കായുള്ള പരിശോധനകൾ നടത്തുന്ന സ്വകാര്യമേഖലയിലെ ക്ലിനിക്കൽ ലബോറട്ടറികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും അവിടെ പരിശോധനകൾ നടത്തുന്ന ജീവനക്കാർ സർക്കാർ സ്ഥാപനങ്ങളിലേതിനു തുല്യമായ അംഗീകൃത യോഗ്യതകൾ നേടിയവരാണോയെന്ന് പരിശോധിക്കുന്നതിനും നിലവിൽ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | എ) & ബി) | ഹെൽത്തി കേരളയുടെ ഭാഗമായി ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിലുള്ള ടീം ലാബുകൾ പരിശോധിക്കാറുണ്ട്. പ്രസ്തുത പരിശോധനാ ടീം ഇൻഫെക്ഷൻ കൺട്രോൾ പ്രാക്ടീസസ്, ലാബ് ടെക്നീഷ്യൻമാരുടെ യോഗ്യത, ബയോ മെഡിക്കൽ വെയ്സ്റ്റ് മാനേജ്മെന്റിന്റെ കാര്യക്ഷമത, ലാബുകളുടെ മൊത്തത്തിലുള്ള ശുചിത്വം എന്നീ കാര്യങ്ങളാണ് ശ്രദ്ധിക്കുക. ഇതിൽ എന്തെങ്കിലും വീഴ്ച സംഭവിക്കുന്നുണ്ടെങ്കിൽ പ്രസ്തുത വിവരം പഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ടി സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്യും. |
| ബി) | ഇപ്രകാരമുള്ള പരിശോധനകളും തുടർപരിശോധനകളും നടന്നു വരുന്നുണ്ടോ എന്നറിയിക്കാമോ; | | ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം 01/01/2019 മുതൽ കേരളത്തിലെ സ്വകാര്യമേഖലയിലേതുൾപ്പെടെയുള്ള എല്ലാ മോഡേൺ മെഡിസിൻ സ്ഥാപനങ്ങളുടേയും ഓൺലൈൻ താത്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. അതനുസരിച്ച് സ്വകാര്യ ക്ലിനിക്കൽ ലാബോറട്ടറികളുടേയും താത്കലിക രജിസ്ട്രേഷൻ നടന്നു വരികയാണ്. താത്കാലിക രജിസ്ട്രേഷൻ വേളയിൽ ഓരോ ലാബും അതതു സ്ഥാപനങ്ങളുടെ പൂർണ്ണവിവരങ്ങൾ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. ഇതിൽ സ്ഥാപനത്തിൽ ലഭ്യമായ സേവനങ്ങളും സ്റ്റാഫുകളുടെ പേരും യോഗ്യതയും, ഉപകരണങ്ങളുടെ വിവരങ്ങൾ എന്നിവയും ഉൾപ്പെടുത്തിയിരിക്കണം. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകരിച്ച കോഴ്സുകളാണ് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. താൽകാലിക രജിസ്ട്രേഷന്റെ കാലാവധി 2 വർഷമാണ്. താൽകാലിക രജിസ്ട്രേഷൻ നൽകുന്നത് പ്രസ്തുത സ്ഥാപനങ്ങൾ അപ് ലോഡ് ചെയ്യുന്ന രേഖകളുടെ അടിസ്ഥാനത്തിലാണ്. താൽകാലിക രജിസ്ട്രേഷൻ നൽകുന്നതിന് മുൻപ് |

| | | | |
|---|---|---|---|
| | | | സ്ഥാപന പരിശോധന ആക്റ്റ് പ്രകാരം നടത്തുന്നില്ല. താൽകാലിക രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ രണ്ടു വർഷത്തിനകം സ്ഥിരം രജിസ്ട്രേഷൻ നൽകുന്നതിന് മുൻപ് അസ്സസർമാർ സ്ഥാപന പരിശോധന നടത്തുകയും ഉദ്ദേശിക്കുന്ന നിലവാരമുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്. |
| സി) | പരിശോധനയുടെ ഭാഗമായി പിഴവുകൾ കണ്ടെത്തിയാൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ? | സി) | പബ്ലിക് ഹെൽത്ത് ആക്ടിന്റെ പരിധിയിൽ വരുന്ന വീഴ്ചകൾ ആണെങ്കിൽ പി.എച്ച്. ആക്ട് പ്രകാരമുള്ള തുടർ നടപടികൾ എടുക്കാവുന്നതാണ്. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ് മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾ ലാബുകൾ ഉൾപ്പടെ അതത് സ്ഥാപനങ്ങളിലെ ലഭ്യമായ സേവനങ്ങളും അവയുടെ നിരക്കുകളും സ്ഥാപനത്തിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ഈ മാനദണ്ഡങ്ങൾ-ക്കെതിരെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ക്ലിനിക്കൽ എസ്റ്റാബ്ലിഷ് മെന്റ് ആക്ട് അനുസരിച്ച് റദ്ദാക്കപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ